# Telephone conversation between Prime Minister and Prime Minister of Sri Lanka H.E. Mahinda Rajapaksa

August 06, 2020

## പ്രധാനമന്ത്രിയും ശ്രീലങ്കൻ പ്രധാനമന്ത്രിയായ ശ്രീ മഹിന്ദരജപക്സെയും തമ്മിലുള്ള ടെലിഫോൺ സംഭാഷണം

**ഓഗസ്റ്റ് 06, 2020**

പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോഡി ഇന്ന് ശ്രീലങ്കൻ പ്രധാനമന്ത്രിയായ ശ്രീ മഹിന്ദരജപക്സെയുമായി സംഭാഷണം നടത്തിയുകയും ഇന്നലെ വിജയകരമായി പൂർത്തിയാക്കിയ പാർലിമെൻറ്റ് തിരഞ്ഞെടുപ്പുകൾക്ക് അഭിനന്ദനം അറിയിക്കുകയും ചെയ്തു. സർക്കാരും മറ്റു തിരഞ്ഞെടുപ്പ് ദൗത്യമുള്ള സംഘടനകളും കോവിഡ്-19 ന്റെ പരിമിതികളെ മറികടന്നുകൊണ്ട് ഫലപ്രദമായി തിരഞ്ഞെടുപ്പ് നടത്തിയിരിക്കുന്നുവെന്ന് പ്രധാനമന്ത്രി അഭിപ്രായപ്പെട്ടു. തിരഞ്ഞെടുപ്പിലെ ആവേശകരമായ പങ്കാളിത്തത്തിന് ശ്രീലങ്കൻ ജനതയ്ക്കും പ്രധാനമന്ത്രി അഭിനന്ദനങ്ങൾ അറിയിച്ചു കൂടാതെ ഇരു രാജ്യങ്ങളും പാലിച്ചുവരുന്ന ശക്തമായ ജനാധിപത്യ മൂല്യങ്ങളിലും ഇത് പ്രതിഫലിക്കുന്നതാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

വരാനിരിക്കുന്ന തിരഞ്ഞെടുപ്പ് ഫലങ്ങൾ ശ്രീലങ്കയിലെ പൊതുജനപെരുമാണ പാർട്ടിയുടെ (SLPP) ആകർഷകമായ തിരഞ്ഞെടുപ്പ് പ്രവർത്തനങ്ങൾ സൂചിപ്പിക്കുന്നതായിരിക്കുമെന്നും പ്രധാനമന്ത്രി നിരീക്ഷിച്ചു, ഇത് സംബന്ധിച്ച് ശ്രീ മഹിന്ദരാജപക്സയെയ്ക്ക് അദ്ദേഹം ആശംസകളും അറിയിച്ചു.

അവരുടെ ഉത്സാഹപൂർണവും ഫലപ്രദവുമായ മുൻ സംഭാഷണങ്ങൾ അനുസ്മരിച്ചു കൊണ്ട് പണ്ടുകാലം മുതൽ തുടരുന്നതും വിവിധ തലങ്ങളിൽ വ്യാപിച്ചിരിക്കുന്നതുമായ ഇന്ത്യ-ശ്രീലങ്ക ബന്ധം ശക്തിപ്പെടുത്തുന്നതിനുള്ള പ്രതിബദ്ധതയെക്കുറിച്ച് ഇരു നേതാക്കളും ആവർത്തിക്കുകയുണ്ടായി. എല്ലാ മേഖലകളിലും നേരത്തെയുള്ള പുരോഗതി കൈവരിക്കുന്നതിനായി ഉഭയകക്ഷിസഹകരണത്തിന്റെ പ്രധാന്യം അവർ ചൂണ്ടികാണിച്ചു.

ഇന്ത്യയിലെ ബുദ്ധമത തീർത്ഥാടനകേന്ദ്രമായ ഖുശിനഗറിൽ ഒരു അന്താരാഷ്ട്ര വിമാനത്താവളം സ്ഥാപിക്കുന്നത് സംബന്ധിച്ച വിവരങ്ങൾ പ്രധാനമന്ത്രി ശ്രീ രാജപക്സയെ അറിയിച്ചു, പെട്ടന്ന് തന്നെ ശ്രീലങ്കയിൽ നിന്നുമുള്ള സന്ദർശകരെയും സ്വീകരിയ്ക്കാനാകുമെന്നു നഗരം പ്രതീക്ഷിക്കുന്നതായും അദ്ദേഹം പറഞ്ഞു.

കോവിഡ് -19 മൂലമുള്ള പ്രതിസന്ധികളെ എതിരിടുന്നതിനും വരും ദിവസങ്ങളിൽ ഉഭയകക്ഷിബന്ധങ്ങൾ മെച്ചപ്പെട്ടനിലയിലേക്ക് ഉയർത്തുന്നതിനും അടുത്ത സമ്പർക്കത്തിൽ തുടരുന്നതാണെന്ന് ഇരു നേതാക്കളും സമ്മതിച്ചു.

**ന്യൂ ഡൽഹി**
**06 ഓഗസ്റ്റ്, 2020**

DISCLAIMER : This is an approximate translation. The original is available in English on MEA's website and may be referred to as the official press release.